# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -8 07.08.2017 ൽ മറുപടിയ്ക്ക്

## സ്ത്രീ സുരക്ഷയ്ക്ക് നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ ഹരീന്ദ്രൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.ഡി.പ്രസേനൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി ഓപ്പറേഷൻ പിങ്ക്, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തിച്ച് വരുന്നു. കൂടാതെ പിങ്ക് ബീറ്റ് 1091 എന്ന നമ്പരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസുകൾ, സ്ത്രീകളുടെ പരാതികൾ സംബന്ധിച്ച് പ്രത്യേക അദാലത്തുകൾ, എസ്.പി.സി., എസ്.പി.ജി., ജനമൈത്രി സമിതികൾ, റസിഡന്റ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്. പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ, കോളേജ് പരിസരങ്ങൾ, മാർക്കറ്റ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ച് വരുന്നു. തിരക്കുള്ള സമയങ്ങളിൽ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, മറ്റ് തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പിങ്ക് പോലീസ് പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ പഞ്ചായത്ത് തോറും വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്ത്രീകളിൽ നിന്നും പരാതി സ്വീകരിച്ച് നിയമപരമായ സഹായങ്ങൾ ചെയ്തു വരുന്നു. പൊതു യാത്രാ വാഹനങ്ങളിൽ സ്ത്രീകളോടും, പെൺകുട്ടികളോടും അപമര്യാദയായി പെരുമാറുന്നവരെ കണ്ടെത്തുന്നതിനായി മഫ്തിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ |

നിയോഗിച്ച വരുന്നതും സ്ത്രീകൾ ജോലി ചെയ്തു വരുന്ന തൊഴിലിടങ്ങളിൽ റിഡ്രസൽ സെൽ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികളിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ പ്രവർത്തിക്കുന്ന പിങ്ക് പട്രോൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (ബി) | സ്കൂൾ, കോളേജ്, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തുന്നതുമൂലം സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും, സുരക്ഷ ഉറപ്പു വരുത്തുവാനും ഈ സംവിധാനം വഴി സാധിച്ചു വരുന്നു. |
| (സി) | പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിന് പിങ്ക് ബീറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (സി) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പാക്കിയിട്ടുള്ളത്; | (ഡി) | തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പിങ്ക് പോലീസിന്റെ പ്രവർത്തനം കൂടുതൽ പോലീസ് ജില്ലകളിലേക്ക് വ്യാപിപ്പിക്കു-വാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ.